# സാരംശ്യിൽനിന്ന് സ്നേഹപൂർവ്വം

പിന്നെ കാരണം തെരയലായി. ഓരോരോ സാഹചര്യങ്ങളെ തിരിച്ചും മറിച്ചും മറിച്ചും തിരിച്ചും അപഗ്രഥിച്ചു. അപ്പോഴാണ് സംഗതി ശ്രദ്ധയിൽപ്പെട്ടത്. വിജയലക്ഷ്മി ഒരൊറ്റമുണ്ടു മാത്രമാണ് ധരിച്ചിരിക്കുന്നത്. സാധാരണ ഉടുക്കുമ്പോലെയല്ല. സന്യാസിമാർ കെട്ടുമ്പോലെ മുണ്ടിന്റെ കോന്തല രണ്ടും മുൻവശത്തുകൂടി കഴുത്തിനു പിന്നിലേക്കെടുത്ത് കെട്ടിവച്ചിരിക്കുകയാണ്. വസ്ത്രം ഒരു 'ളോഹ'പോലെ ശരീരത്തെ മറയ്ക്കുന്നു എന്നല്ലാതെ ശരീരത്തിലൊരുഭാഗത്തും ഇറുകിക്കിടക്കുന്നില്ല. അവധി ദിവസമല്ലേ, ഒറ്റപ്പെട്ട വീടല്ലേ, ഞങ്ങൾ രണ്ടു പേരല്ലേയുള്ളൂ. അപ്പോൾ തോന്നിയ തമാശോ കാര്യമോ അന്നത്തെ വസ്ത്രധാരണമങ്ങിനെയാക്കി.

ഇതൊരു നിഗമനം മാത്രമാണല്ലോ. പിറ്റേന്ന് പഴയരീതിയിൽ ബ്ലൗസും സാരിയുമാക്കി വേഷം. ദാ വരുന്നു വില്ലൻ. വേദനയും വിമ്മിട്ടവും പഴയപടി.

എന്തൊ വലിയൊരു കണ്ടുപിടുത്തം നടത്തിയ ഗമ ഞങ്ങൾക്ക്.

എം.ബി.ബി.എസും ഗൈനക്കോളജിയും പാസായ ഒരു ആധുനിക ഡോക്ടറുടെ നിരീക്ഷണമെത്താത്തിടത്താണ് പ്രൈമറി അധ്യാപകരുടെ അന്വേ



ഷണം അർഥവത്താകുന്നത്.

എന്താണ് സംഭവിച്ചത്.?

ഗർഭിണിയാകുന്നതോടെ സ്ത്രീയുടെ ശരീരത്തിനകത്തും പുറത്തും മാറ്റങ്ങൾ അതിവേഗം നടക്കുന്നു. ആദ്യഗർഭത്തിൽ പ്രത്യേകിച്ചും. കടിഞ്ഞൂൽ ഗർഭമായതുകൊണ്ട് അവർക്കുണ്ടാകുന്ന മാറ്റങ്ങൾ അവർക്കു തികച്ചും അപരിചിതമായിരിക്കുമല്ലോ.

മാറും വയറും വളരുന്നു. അതിനനുസരിച്ച് ശരീരത്തിന്റെ മറ്റു ഭാഗങ്ങളും പുഷ്ടിപ്പെടുന്നു. നമ്മുടെ സ്ത്രീകളുടെ വസ്ത്രധാരണം ഈ വളർച്ചയെ തീരെ അംഗീകരിച്ചു കൊടുക്കുന്നില്ല.

ഇറുകിയ ബ്രാ. അതിനെക്കാൾ ഇറുകിയ ബ്ലൗസ്.

വലിച്ചുമുറുക്കി കെട്ടുന്ന അടിപ്പാവാട. അതിനുമേലെ വാരിച്ചുറ്റുന്ന അഞ്ചു മീറ്റർത്തുണി!

ഇന്നിപ്പോൾ സ്ത്രീകൾ വീട്ടിൽ ധരിക്കുന്ന വസ്ത്രം– നൈറ്റി– കുഴപ്പമില്ല. പക്ഷേ, സാരിയും ബ്ലൗസുമാണല്ലോ പുറമെ ധരിക്കുന്നത്!

ഗർഭത്തിന്റെ ആദ്യനാളുകളിൽ ശരീരം അതിവേഗം പുഷ്ടിപ്പെടുന്നു. പ്രത്യേകിച്ച് മാറിന്റെ വളർച്ച. കന്യകയുടെ മാറിനു പാകത്തിനു വാങ്ങിയ ബ്രായും ഗർഭിണിയുടെ മാറിനു ചേരുന്ന ബ്രായും രണ്ടു വലിപ്പമായിരിക്കണമല്ലോ.

## ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും

ഇതൊരു രോഗമേയല്ല. രോഗമല്ലാത്തൊരു കാര്യത്തിന് ഡോക്ടറെക്കണ്ടിട്ടെന്തു കാര്യം! തികച്ചും പരിചയസമ്പന്നരായ അമ്മമാർക്ക് നിസ്സാരമായി പറയാൻ കഴിയുന്നൊരു കാര്യമാണിത്. അതിനു അവരുടെ പരിധിക്കു പുറത്തായിരുന്നല്ലോ ഞങ്ങൾ.

ഒരു ഗൈനക്കോളജിസ്റ്റും ഇതെല്ലാം അറിഞ്ഞിരിക്കേണ്ടതല്ലെ? പ്രത്യേകിച്ചും അണുകുടുംബങ്ങൾ മാത്രമുള്ള ആധുനിക സമൂഹത്തിൽ?

ഒരു ഡോക്ടർക്കു വേണ്ടതെന്തൊക്കെയാണ് നാട്ടുകാരല്ലല്ലോ തീരുമാനിക്കുന്നത്. മെഡിക്കൽ കോളേജും ഉന്നതതല സംഘങ്ങളുമാണല്ലോ.

ഡോ. ഓമന മധുസൂദനൻ സൂക്ഷ്മദൃക്കായ ഒരു ഡോക്ടർ ആയിരിക്കില്ല. അല്ലെങ്കിൽ പണത്തിനോടുള്ള ആർത്തിമൂലം വസ്തുതകൾ മറച്ചുവച്ചു. ഇതിലേതാണു കാരണമെന്ന് അവർക്കു മാത്രമേ അറിയൂ.

ആധുനികവും ശാസ്ത്രീയവുമെന്ന് ലോകം മുഴുവൻ അംഗീകാരം നേടിയിട്ടുള്ള അലോപ്പതി ചികിത്സാരീതിക്ക് പ്രധാനമായൊരു തകരാറുണ്ട്. പുറമേ കാണുന്ന രോഗലക്ഷണങ്ങൾക്ക് നേരിട്ടു മരുന്നു കൊടുക്കുന്നു.

ഒരാൾക്ക് ഛർദിയും തലവേദനയും മലബന്ധവുമുണ്ടെങ്കിൽ അയാൾക്ക് അലോപ്പതി വിധിപ്രകാരം മൂന്നുവിധ മരുന്നുകൾ കഴിക്കേണ്ടിവരും.

ഒന്ന്: ഛർദി മാറുന്നതിന്. രണ്ട്: തലവേദന മാറുന്നതിന്, മൂന്ന്: മലബന്ധം മാറുന്നതിന്. ഇതിൽ പലതും പാർശ്വഫലങ്ങളുണ്ടാക്കുന്നവയുമാകാം.

ഈ മൂന്നു രോഗലക്ഷണങ്ങളും ഒരേ കാരണം കൊണ്ടായിരിക്കാം ഉണ്ടായിട്ടുള്ളത്. ഒരേയൊരു കാരണം. ആ ഒരൊയൊരു കാരണമെടുത്തു നീക്കം ചെയ്താൽ മൂന്നു പ്രശ്നങ്ങളും ഒറ്റയടിക്കു മാറിയെന്നും വരാം. ചിലപ്പോൾ ഒരു മരുന്നും കൂടാതെ മാറിക്കൂടായ്കയുമില്ല. വിജയലക്ഷ്മിയുടെ കാര്യത്തിലും അതാണല്ലോ സംഭവിച്ചത്.

ഒരു പക്ഷേ, അലോപ്പതി ഡോക്ടർമാർ മനസുവച്ചാൽ മാറ്റിയെടുക്കാവുന്ന ഒരു ന്യൂനത മാത്രമാണിത്. പണത്തോടുള്ള ആർത്തിമൂലം പല ഡോക്ടർമാരും അലോപ്പതിക്കു ചീത്തപ്പേരുണ്ടാക്കുന്നു. മനുഷ്യരാശിക്ക് വളരെയധികം ഗുണം ചെയ്യുന്ന ചെയ്തുകൊണ്ടിരിക്കുന്ന ആ ശാസ്ത്രശാഖയെ ലാഭക്കൊതിയരായ മരുന്നു കമ്പനികളും ഡോക്ടർമാരും ചേർന്നു ഞെക്കിക്കൊല്ലുകയാണ്.

ഞങ്ങൾ ചില പുതിയ പാഠങ്ങൾ ഉൾക്കൊള്ളുകയായിരുന്നു. ശരീരത്തെക്കുറിച്ച് കുറച്ചേറെ പഠിക്കണം. വിവിധ ചികിത്സാരീതികളെക്കുറിച്ചും സാമാന്യമായി മനസിലാക്കണം. എങ്കിൽ മാത്രമേ ആധികൊടുത്ത് പണംവാരുന്ന ആധുനിക ഭിഷഗ്വരന്മാരിൽനിന്നു രക്ഷനേടാനാവൂ.

ഡോക്ടർമാരെക്കുറിച്ച് മുമ്പുണ്ടായിരുന്ന ലേശം ബഹുമാനത്തിനു കോട്ടം തട്ടി. ഇനിയൊരു ഡോക്ടറെ സമീപിക്കാൻ ഇടവരുത്തരുതേ എന്നു പ്രാർഥിച്ചു കഴിയുകയായിരുന്നു ഞങ്ങൾ. അതുകൊണ്ട് ഗർഭപരിചരണത്തിനായി നാടൻ മുറകളന്വേഷിക്കലായി. നാടൻ മുറകളിലെ ഒരത്ഭുത പ്രയോഗമാണ് കുറുന്തോട്ടി കഷായം. 'ആയിരം കുറുന്തോട്ടി കഴിച്ചാൽ അയലറിയാതെ പ്രസവിക്കാം' എന്നൊരു ചൊല്ലുണ്ട്.

ഞങ്ങളുടെ അനുഭവത്തിൽ അതിൽ അല്പം കഴമ്പുണ്ടെന്നു തോന്നുന്നു. അതു കേൾക്കാൻ ചിലർക്കെങ്കിലും താത്പര്യമുണ്ടാവുമെന്നാണു കരുതുന്നത്. നമ്മുടെ നാട്ടിൽ പരക്കേ ചെയ്തിരുന്നതും ഇന്നു ചുരുക്കം ചിലർ മാത്രം ചെയ്തുപോരുന്നതുമായ അക്കാര്യം തുടർന്നു പറയാം.